**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 817** **14-01-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികഗോത്രങ്ങളിൽ പെട്ടവർക്കായി ഭവന നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ. സി. കൃഷ്ണൻ,<br>ശ്രീ . കെ .ഡി .പ്രസേനൻ | | **Shri A. K. Balan**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് ഇതുവരെയായി പട്ടികജാതി - പട്ടികഗോത്രങ്ങളിൽ പെട്ടവരുടെ എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയാക്കാനായി; കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇത് എത്രയായിരുന്നു; വ്യക്തമാക്കാമോ; | (എ) | ഈ സർക്കാരിന്റെ കാലത്ത് പട്ടികജാതി വിഭാഗക്കാർക്ക് പട്ടികജാതി വികസന വകുപ്പ് അനുവദിച്ച 23801 വീടുകളിൽ 19808 എണ്ണവും, പ്രളയത്തിൽ തകർന്ന വീടുകൾ പുനർനിർമ്മിക്കുന്ന പദ്ധതിയിൽ അനുവദിച്ച 170 വീടുകളിൽ 123 എണ്ണവും, 2007-08 മുതൽ 2015-16 വരെ അനുവദിച്ചതിൽ പൂർത്തീകരിക്കാതെ അവശേഷിച്ച 16360 വീടുകളിൽ 10144 വീടുകളും PMAY റൂറലിൽ 5350 ഉം, PMAY അർബ്ബനിൽ 4471 ഉം, ലൈഫ് മിഷൻ രണ്ടാം ഘട്ടത്തിൽ 8477 വീടുകളുമുൾപ്പെടെ ആകെ 38,229 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആകെ 22347 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന മുൻ വർഷങ്ങളിൽ അനുവദിച്ചതും, 31.03.2016നുള്ളിൽ പൂർത്തീകരിക്കാത്തതുമായ 12022 വീടുകൾ, ലൈഫ് മിഷൻ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിരുന്നു. അതിൽ 11306 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 6058 പട്ടികവർഗ്ഗ ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി ഗുണഭോക്താക്കളിൽ 3405 പേർ നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്. ആയതിൽ 2426 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനു പുറമെ പി.എം.എ.വൈയിൽ 1401 വീടുകളും പൂർത്തിയാക്കി. മൊത്തം 15133 വീടുകൾ പൂർത്തിയാക്കി. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 6231 വീടുകൾ പൂർത്തീകരിച്ചിരുന്നു. |
| (ബി) | മുൻ സർക്കാരിന്റെ കാലത്ത് പണിപൂർത്തിയാകാതെ കിടന്നിരുന്ന | (ബി) | മുൻ സർക്കാരിന്റെ കാലത്ത് പണിപൂർത്തീകരിക്കാതെ അവശേഷിച്ചിരുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ 16360 |

| | | | |
|---|---|---|---|
| | വീടുകളുടെയെല്ലാം നിർമ്മാണം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് അറിയിക്കാമോ; | | വീടുകളിൽ 10144 വീടുകളും, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ 12022 വീടുകളിൽ 11306 വീടുകളും നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | ലൈഫ് മിഷൻ മുഖേന പട്ടികജാതികളിലും ഗോത്രങ്ങളിലും പെട്ട അർഹരായ എല്ലാവർക്കും വീട് നിർമ്മിച്ചു നൽകാൻ പദ്ധതിയുണ്ടോ; ഇത്തരത്തിൽപ്പെട്ടവർക്കായി ലൈഫ് മിഷൻ മാനദണ്ഡങ്ങളിൽ ഉചിതമായ ഇളവ് നൽകുന്നുണ്ടോ; | (സി) | ലൈഫ് മിഷൻ പദ്ധതി പ്രകാരം സംസ്ഥാനത്തെ മുഴുവൻ ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കും വാസയോഗ്യമായ ഭവനം ലഭ്യമാക്കുന്നതിന് ലക്ഷ്യമിടുന്നു. ലൈഫ് മിഷൻ ഗുണഭോക്തൃ പട്ടികയിലുൾപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഒരു കാർഡിൽ ഉൾപ്പെട്ട കുടുംബത്തിന് ഒരു വീട് എന്ന വ്യവസ്ഥയിലും, ഗുണഭോക്താക്കൾക്ക് 25 സെന്റിൽ കൂടുതൽ ഭൂമി ഉണ്ടാകരുത് എന്ന വ്യവസ്ഥയിലും ഇളവ് നൽകി 06/09/2019-ലെ സ.ഉ(സാധാ)നം,1946/2019/ ത.സ്വ.ഭ.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | അർഹതാ ലിസ്റ്റിൽ ഉൾപ്പെടാത്തതും എന്നാൽ ശോച്യമായ തരത്തിലുള്ള വീടുകളിൽ താമസിക്കേണ്ടി വരുന്നവർക്ക് വീട്ട മെച്ചപ്പെടുത്താൻ പ്രത്യേക പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | അർഹതാ ലിസ്റ്റിൽ ഉൾപ്പെടാത്തതും എന്നാൽ നിലവിൽ വാസയോഗ്യമായ വീടില്ലാത്ത ഭവന നിർമ്മാണ ധനസഹായത്തിന് അർഹതയുള്ള മുഴുവൻ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരെയും ലൈഫ് മിഷൻ ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ